കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരീപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ .കെ.എൽ.എം.പി.6-1906/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല കാര്യാലയം കൊല്ലം

തീയതി.13.3.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കരീപ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്രഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-8 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി6/1906/18 തീയതി:13.3.19

കൊല്ലംജില്ലയിലെ കരീപ്രഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2017 മുതൽ 20.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.മാത്യു റോയി.കെ.പി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22-10-2018 മുതൽ<br>31-10-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അമ്പിളി.എം.ഡി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്ര) |
| | | ശ്രീമതി.മഞ്ജുള സാഗർ | അസി.ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർ |
| | | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.വിഷ്ണു പ്രിയ.കെ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജെ.അശോകൻ | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ.വിജയകുമാർ.എസ് | 1-4-17മുതൽ 24-4-17വരെ |
| | ശ്രീ.അബ്ദുൾ അസീസ്(ചാർജ്) | 25-4-17മുതൽ2-5-17വരെ |
| | ശ്രീ.ശ്രീകുമാർ.റ്റി.എസ് (ചാർജ്) | 2-5-17മുതൽ24-5-17വരെ |
| | ശ്രീ.വിജയകുമാർ.എസ് | 25-5-17മുതൽ5-1-18വരെ |
| | ശ്രീമതി.ജലജ.ആർ (ചാർജ്) | 6-1-18 മുതൽ 23-1-18 വരെ |
| | ശ്രീ.അജ്മൽ.ജെ | 24-1-18 മുതൽ30-1-18വരെ |
| | ശ്രീ.അനസ്.വൈ | 1-2-18 മുതൽ 31-3-18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.രാജൻ ബാബു | 1-4-17മുതൽ31-3-18വരെ |
| അസി.സെക്രട്ടറി | ശ്രീ.അബ്ദുൾ അസീസ് | 1-04-17മുതൽ2-5-17വരെ |
| | ശ്രീ.ശ്രീകുമാർ.റ്റി.എസ് (ചാർജ്) | 3-5-17മുതൽ18-5-17വരെ |
| | ശ്രീമതി.ജലജ.ആർ | 19-5-17മുതൽ31-3-18വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.അനുശ്രീ.എസ് | 1-4-17മുതൽ31-3-18വരെ |
| വെറ്റിനറി സർജൻ | ശ്രീ.അനിൽ കുമാർ | 1-4-17മുതൽ31-5-17വരെ |

| | | |
|---|---|---|
| | ശ്രീ.ശിവപ്രസാദ്.എസ് | 1-6-17മുതൽ31-3-18വരെ |
| ഐ.സ്.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുശീലാമ്മ<br>ശ്രീമതി.ഷെമീദ.എം | 1-4-17 മുതൽ 27-8-12 വരെ<br>28-8-17 മുതൽ 31-3-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രകാശ്.വി.എൻ | 1-4-17മുതൽ31-3-18വരെ |
| ഡയറി ഫാം ഇൻസ്ടക്ടർ | ശ്രീമതി.ശശികല | 1-4-17മുതൽ31-3-18വരെ |
| വി.ഇ.ഓ | ശ്രീമതി.ബിന്ദു.ജെ<br>ശ്രീ.ശ്രീജിത്ത്.വി.വി | 1-4-17മുതൽ31-3-18വരെ<br>1-4-17മുതൽ27-1-18വരെ |
| എം.ഒ സി.എച്ച്.സി<br>എ.എം.ഒ ആയുർവേദം | ഡോ.ജ്യോതിലാൽ<br>ഡോ.രഞ്ജു.റ്റി. എബ്രഹാം | 1-4-17മുതൽ31-3-18വരെ<br>1-4-17മുതൽ31-3-18വരെ<br>1-4-17മുതൽ31-3-18വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | സാന്ത്വനപരിചരണ പദ്ധതി - രസീത് ഉപയോഗിച്ച് പിരിച്ചെടുക്കുന്ന തുകകൾ സമയബന്ധിതമായും പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ല. | 2-1 | |
| 14 | മൊബൈൽടവർ വസ്തു നികുതിയിനത്തിൽ ഭീമമായ കുടിശ്ശിക ബാക്കി നിൽക്കുന്നു | 2-2 | |
| 15 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-3 | |
| 16 | 197 ച.മീ വിസ്തീർണമുള്ള കെട്ടിടത്തിന് അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വിസ്തീർണം 30 ച.മീ മാത്രം [ | 2-4 | |
| | ഭാഗം 3 | | |
| 21 | പ്ളാസ്റ്റിക്ക് മാലിന്യശേഖരണപദ്ധതി- ലക്ഷങ്ങളുടെ പാഴ് ചെലവ്- | 3-1 | |

| | | | |
|---|---|---|---|
| | തടസ്സം 10,05,909/- | | |
| 22 | പൈപ്പ് ലൈൻനീട്ടൽ-വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു-രൂപാ 17,72,000 | 3-2 | |
| 23 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ആധികാരികവിതരണരേഖകളുടെ അഭാവത്തിൽ 7,50,808/-രൂപായുടെ ചെലവ് തടസ്സം | 3-3 | |
| 24 | പദ്ധതി മാർഗ്ഗ രേഖകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കി | 3-4 | |
| 25 | കാലാവധി കഴിഞ്ഞ് ലഭിച്ച മരുന്നുകൾ വിതരണം ചെയ്തു | 3-5 | |
| 26 | സാമ്പത്തികശേഷിയുള്ളവർക്ക് മാനദണ്ഡങ്ങൾ മറികടന്ന് സബ്സിഡി നൽകി | 3-6 | |
| 27 | തുടർ സാക്ഷരതാ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല | 3-7 | |
| 28 | എസ്.എസ്.എ വിഹിതം -ലക്ഷ്യം കൈവരിക്കുന്നില്ല | 3-8 | |
| 29 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |
| 30 | സാന്ത്വനപരിചരണ പദ്ധതി-നടത്തിപ്പിലെ അപാകതകൾ | 3-10 | |
| | ഭാഗം 4 | | |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 35 | സ്ഥിര നിക്ഷേപം | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| 41 | അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം | 1 | |
| 42 | അനുബന്ധം 2 | 2 | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

31-3-17 തീയതിയിലെ I. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 23-2-18 തീയതിയിലെ 3-ാം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 26-05-2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് |
|---|---|---|

| | പരിശോധിച്ച തീയതി | നമ്പർ/ തീയതി |
|---|---|---|
| 2017-18 | 11-6-18, 12-6-18 | കെ.എസ്.എ.കെ.എൽ. എം.പി6/1144/18 തീയതി. 26.6.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 61,05,217.62 |
| വരവ് | 7,68,77,833.00 |
| ആകെ | 8,29,83,050.62 |
| ചെലവ് | 7,56,66,644.00 |
| നീക്കിയിരിപ്പ് | 73,16,406.62 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16688000 | 16688000 | 15017416 | 1670584 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7411471 | 7411471 | 6843895 | 567576 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12888000 | 12888000 | 12876863 | 11137 |
| മെയിന്റനൻസ്, നോൺ- | 0 | 3681000 | 3681000 | 2152783 | 1528217 |

| | | | | | |
|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7837443 | 7837443 | 7258021 | 579422 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | 0 | 2732205 | 2703623 | 2703623 | 28582 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാ ശ്വാസ നിധി | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് - തൊഴി ലാളി കളുടെ കൂലി | 0 | 23475692 | 23475692 | 23475692 | 0 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് - അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 8386 | 782377 | 790763 | 780685 | 10078 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| ടി.എസ്. സി (ഒ.ഡി.എഫ്) | 1656240 | 815760 | 2472000 | 2472000 | 0 |
| ശുചിത്വ മിഷൻ | 424388 | *223243 | 647631 | 130520 | 517111 |
| ഐ.സി. ഡി.എസ് | 204928 | 939770 | 1144698 | 434100 | 710598 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| 100 ദിന ഇൻസെ | 0 | 270000 | 270000 | 270000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ന്റീവ് | | | | | | |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1312335 | 1312335 | 1312335 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1112335 | 1112335 | 1112335 | 0 |
| ബി ഫണ്ട് | | 0 | 44819020 | 44819020 | 44819020 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4561285 | 10505000 | 15066285 | 13830194 | 1236091 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 922170.62 | 14790659 | 15712829.62 | 9889151 | 5823678.62 |
| | ട്രഷറി അക്കൗണ്ട് | 4561285 | 12136047 | 16697332 | 15461241 | 1236091 |
| ഗുണഭോക്തൃ വിഹിതം | | 0 | 1424405 | 1424405 | 1424405 | 0 |

* ശുചിത്വമിഷൻ അക്കൗണ്ടിൽ മുൻ വർഷം അക്കൗണ്ട് ചെയ്യാത്ത തുക കൂടി ഉൾപ്പെടുത്തിയാണ് വരവ് എടുത്തിട്ടുള്ളത്. അക്കൗണ്ട്സ് പ്രകാരം 141910/- രൂപയാണെങ്കിലും മുൻ വർഷത്തെ 81333/- രൂപ കൂടി ഉൾപ്പെടുത്തിയുള്ള നീക്കിയിരിപ്പാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 7,53,72,633 | 153 | 5,41,71,963 | - | 42 | 78.46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെല വുകൾ | 8,386.50 | 10,52,377 | 10,60,763 | 10,50,685 | 10,078.50 |
| ഗുണ ഭോക്താ കൾക്ക് നേരിട്ട് നൽകുന്നത് | - | 2,34,75,692 | 2,34,75,692 | 2,34,75,692 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102,720 | 275 |
| കർഷകതൊഴി ലാളി പെൻഷൻ | 24,18,200 | 223 |
| വിധവാ പെൻഷൻ | 1,44,45,800 | 1,423 |
| വാർദ്ധക്യകാല പെൻഷൻ | 2,28,49,100 | 2,094 |
| വികലാംഗ പെൻഷൻ | 48,23,200 | 410 |
| 50 വയസ്സിൽ കൂടുതലായ അവിവാഹിതർക്കുള്ള പെൻഷൻ | 180,000 | 28 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-18 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4177/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ. (സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.

5.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

6.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

7.സാമ്പത്തിക വർഷാവസാനവും മാസാന്ത്യവും ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ നടത്തുന്നുണ്ട്.

8.ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

9.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുണ്ട്.

10.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി 64% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 10974 റസിഡെൻഷ്യൽ കെട്ടിടങ്ങളിൽ നിന്ന് നികുതി പിരിക്കുന്നതിനായി 4 ബിൽകളക്ടർമാരുണ്ടെങ്കിലും

2017-18, 2018-19 വർഷങ്ങളിൽ നാളിതുവരെയായി 10 രസീത് ബുക്കുകൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.ഒരു വാർഡിൽ ശരാശരി 600 കെട്ടിടങ്ങൾ ഉണ്ടെങ്കിലും നികുതി പിരിവിനായി 10 രസീത് ബുക്കുകൾ മാത്രമുപയോഗിച്ചതിൽ നിന്ന് ഫീൽഡ് സ്റ്റാഫിന്റെ കാര്യക്ഷമതയില്ലായ്മ വ്യക്തമാക്കുന്നു. ആയതിനാലാണ് കെട്ടിടനികുതി 36% ത്തിലധികം കുടിശ്ശികയായിട്ടുള്ളത്. ഊർജ്ജിതമായി നികുതി പിരിവ് നടത്തി പഞ്ചായത്തിന്റെ തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിലെ കെട്ടിട നികുതി വിവരങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫോം 6 ൽ രേഖപ്പെടുത്തി സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തുന്നതിനായി 2014-15 വർഷം കരാർ നൽകുകയുണ്ടായി. എന്നാൽ ടി വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാത്തതിനാൽ പിൽക്കാലത്ത് പല കെട്ടിടങ്ങളും ഉൾപ്പെടാതെയും കെട്ടിടങ്ങളുടെ വിസ്തീർണ്ണം വ്യത്യാസപ്പെട്ടതായും വ്യക്തമാകുന്നു. ഐ.കെ.എമ്മിൽ നിന്നും പ്രത്യേകാനുമതി ലഭ്യമാക്കി ശ്രദ്ധയിൽ വന്ന തെറ്റുകൾ തിരുത്തുന്നുണ്ടെങ്കിലും കെട്ടിട നികുതിയുടെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമായും കൃത്യമായിട്ടില്ല.കെട്ടിട നികുതി കുടിശ്ശികയിലും വ്യത്യാസമുണ്ട്. അടിയന്തിരമായി അപാകതകൾ പരിഹരിച്ച് കെട്ടിട നികുതി കൃത്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വിമുക്ത ഭടൻമാരുടെ ഭവനത്തിന് നികുതിയിളവ്- അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുന്നില്ല. അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ 2017-18 വർഷം പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നതും മുൻ വർഷങ്ങളിൽ നികുതി ഇളവ് നൽകിവരുന്നവയ്ക്ക് ആധാരമായ കമ്മിറ്റി തീരുമാനങ്ങൾ എന്നിവ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമായില്ല. വരും വർഷങ്ങളിൽ അപേക്ഷകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുന്നതിനും രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-10-18 | സെപ്റ്റംബർ 2018 | 17-10-18 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-1-18മുതൽ 17-1-18വരെ | 2012-13 മുതൽ 2016-17വരെ | 21-4-18 |

**1-12** വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.RP 36 Other Liability 350410102 ഹെഡ്ഡിൽ Advance Collection of Revenues Profession Tax Institution/Traders ഉൾപ്പെട്ടിട്ടുള്ള 1250/-രൂപ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2.ആസ്തി രജിസ്റ്റർ കാലികമായി പരിഷ്കരിച്ചിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധിച്ച ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3.ബാലൻസ് ഷീറ്റ് ബി15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ പ്രൊവിഷൻ ഇൻകം & എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** സാന്ത്വനപരിചരണ പദ്ധതി - രസീത് ഉപയോഗിച്ച് പിരിച്ചെടുക്കുന്ന തുകകൾ സമയബന്ധിതമായും പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ല.

രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. സാന്ത്വനപരിചരണ പദ്ധതിയ്ക്കായി പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന തുകകൾ പൂർണ്ണമായും ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ല. സിൻഡിക്കേറ്റ് ബാങ്കിന്റെ നെടുമൺകാവ് ശാഖയിൽ പാലിയേറ്റീവ് കെയർ ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന പേരിൽ അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. (അക്കൗണ്ട് നം-45122210002612).. 2014 മുതലാണ് രസീത് ബുക്കുകൾ ഉപയോഗിച്ച് ഫണ്ട് പിരിച്ച് തുടങ്ങിയിരിക്കുന്നത്. 2017-18,2018-19 വർഷങ്ങളിൽ രസീത് ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുകയുടേയും , ബാങ്കിൽ ഒടുക്കിയ തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2017-18

| തീയതി | രസീതുകൾ പ്രകാരം വരവ് വന്ന തുക | അക്കൗണ്ടിൽ വരവുവന്ന തുക |
|---|---|---|
| 23-08-2017 | 15,050 | - |
| 26.08.2017 | 1,000 | - |
| 28.08.2017 | 31,600 | - |
| 29.08.2017 | 33,040 | - |
| 12.10.2017 | - | 21,080 |
| 04.11.2017 | - | 24,602 |
| ആകെ | 80,690 | 45,682 |

2017-18 ൽ പിരിച്ചെടുത്ത് തുക ബാങ്ക് അക്കൗണ്ടിൽ പൂർണമായും ഒടുക്കു വരുത്തി ഭക്ഷ്യകിറ്റ് വാങ്ങുന്നതിനും മറ്റും നേരിട്ടു ചെലവഴിച്ചതായാണ് വിശദീകരിച്ചതെങ്കിലും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2018-19

| തീയതി | രസീതുകൾ പ്രകാരം വരവ് വന്ന തുക | അക്കൗണ്ടിൽ വരവുവന്ന തുക |
|---|---|---|
| 13.08.2018 | 10250 | - |
| 16.08.2018 | 20100 | - |
| 17.08.2018 | 14900 | - |
| 18.08.2018 | 8500 | - |
| 19.08.2018 | 21350 | - |
| 20.08.2018 | 11100 | 63450 |
| 21.08.2018 | 3600 | 23250 |
| ആകെ | 89800 | 86700 |

സാന്ത്വനപരിചരണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാദേശിക

വിഹിതം സമാഹരിക്കുന്നുണ്ട്. ഇതിനായി ഉപയോഗിച്ചുവരുന്ന അഞ്ച് രസീത് ബുക്കുകൾ മെഡിക്കൽ ഓഫീസർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ, ജി.ഒ(ആർ.ടി) 3217/2015 തസ്വഭവ 29.10.2015 ഖ.2.7.2 പ്രകാരം സ്വാന്തന പരിചരണപദ്ധതിക്കായി പൊതുജനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീത്ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2014 മുതലാണ് രസീത്ബുക്കുകൾ ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നത്. ഇവ പഞ്ചായത്തിൽ നിന്നാണോ മെഡിക്കൽ ഓഫീസർക്ക് നൽകിയത് , എത്ര ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്? എന്നത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഇതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിലവിൽ മെഡിക്കൽ ഓഫീസർ കൈവശം സൂക്ഷിച്ചിരിക്കുന്നതും , ഉപയോഗത്തിലിരിക്കുന്നതുമായ രസീത് ബുക്കുകൾ പഞ്ചായത്തിൽ നിന്നും നിയമാനുസൃതമായി ലഭ്യമാക്കിയതാണെന്ന് ഉറപ്പു വരുത്തി കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ആയത് ബോധ്യപ്പെടുത്തേണ്ടതുമാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 15/1-11-18 |

**2-2** <u>മൊബൈൽടവർ വസ്തു നികുതിയിനത്തിൽ ഭീമമായ കുടിശ്ശിക ബാക്കി നിൽക്കുന്നു.</u>

ഓഡിറ്റ് എൻക്വയറി.നം- 11 /31.10.2018

പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല . പഞ്ചായത്തിൽ നിന്നു ലഭ്യമായ കണക്കുകൾ പ്രകാരം 7 മൊബൈൽടവറുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയിൽ മൂന്ന് മൊബൈൽ ടവറുകൾ മാത്രമാണ് കുടിശ്ശികയില്ലാതെ നികുതി ഒടുക്കിയിട്ടുള്ളത്.കുടിശ്ശിക വരുത്തിയ മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ്/ ടവർ നം | വസ്തു നികുതി നിരക്ക് | കുടിശ്ശിക കാലയളവ് | ആകെ ഒടുക്കാനുള്ള തുക |
|---|---|---|---|
| 8/147 | 4253 | 2013-14 മുതൽ 2017-18 വരെ | 21,265 |
| 8/615 | 7560 | 2013-14 മുതൽ 2017-18 വരെ | 37,800 |
| 8/689 | 43890 | 2013-14 | 2,19,450 |

| | | | |
|---|---|---|---|
| | | മുതൽ 2017-18 വരെ | |
| 12/747 | 12600 | 2013-14 മുതൽ 2017-18 വരെ | 63,000 |
| 12/971 | 11025 | 2013-14 മുതൽ 2017-18 വരെ | 55,125 |
| 17/411 | 29049 | 2013-14 മുതൽ 2017-18 വരെ | 1,45,245 |
| | | ആകെ | 5,41,885 രൂപ |

ടി മൊബൈൽടവറുകളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243(1) പ്രകാരം കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടികൾ ആദ്യമേ തുടങ്ങാവുന്ന തീയതി മുതൽ മൂന്നു വർഷം കഴിഞ്ഞതിനു ശേഷം നടത്താൻ പാടില്ല. ആയതിനാൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ ഉണ്ടായ വീഴ്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ നികുതി നഷ്ടപ്പെട്ടത് ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243(3) പ്രകാരം കിട്ടാനുള്ള തുകകൾ 2014-15 മുതൽ 2017-18 വരെ കാലയളവുകളിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## **2-3** ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

1.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നു ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യാവശ്യത്തിനായുള്ള 1475 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇവയുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2017-18 ലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 315 സ്ഥാപനങ്ങൾ മാത്രമാണ് ഡി ആന്റ് ഒ ലൈസൻസ് നേടിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതെല്ലാം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് , ഏത് വാർഡിലാണ് ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത്, തുടങ്ങിയകാര്യങ്ങളിൽ വ്യക്തത ലഭിച്ചിട്ടില്ല. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് അനുസരിച്ച് അടുത്തവർഷത്തേയ്ക്ക് ഉണ്ടാകാൻ ഇടയുള്ള വരവ്ചെലവുകളുടെ വിശദമായ

ബഡ്ജറ്റ്നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15 ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികൾ, സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കേണ്ടത്. പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽപ്പെടുന്നതും തനതുവരുമാനങ്ങളിൽ പ്രധാന ഇനവുമാണ് 'അസഹ്യവും ആപൽക്കരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക ' എന്നുള്ളത്. ബജറ്റ് തയ്യാറാക്കുന്ന വേളയിലും ഈയിനത്തിലുള്ള പ്രതീക്ഷിത വരുമാനം കണക്കാക്കുന്നതിലേക്കായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ ടി അപാകതകൾ പരിഹരിച്ച് ട്രേഡേഴ്സ് ലിസ്റ്റ്തയ്യാറാക്കുന്നതിനും നിയമാനുസൃതമായി പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും മറ്റുള്ളവ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഓരോ വാർഡിലും പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണം കണക്കാക്കി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾപ്രകാരം നികുതി നിർണ്ണയം നടത്തിയത് നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2.പൗൾട്രിഫാം, ലൈവ്സ്റ്റോക്ക്ഫാം, ഹോളോബ്രിക്സ് യൂണിറ്റ് എന്നിവയ്ക്ക് ലൈസൻസ് - കമ്മിറ്റി തീരുമാനം നടപ്പിലാക്കുന്നില്ല

ആരോഗ്യ വിദ്യാഭ്യസ സ്റ്റാന്റിഗ്കമ്മിറ്റിയുടെ 14.09.17 ലെ IIാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പൗൾട്രിഫാമുകൾ, ഹോളോബ്രിക്സ് യൂണിറ്റുകൾ എന്നിവയ്ക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം 6(3)i,ii പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ആരോഗ്യപരവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി ലൈസൻസ് നൽകേണ്ടതും അല്ലാത്തപക്ഷം അവ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്തിന്റെ ചുമതലയായിരിക്കുകയും കമ്മിറ്റിതീരുമാനമെടുത്തിട്ടും അവ നടപ്പിൽ വരുത്താതിരിക്കുകയും ചെയ്തത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിൻ മേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് അർഹതയുള്ള എല്ലാ പൗൾട്രിഫാമുകൾക്കും നിർബന്ധമായും ലൈസൻസ് നൽകി നിയമാനുസൃതമാക്കുന്നതിനും ലൈസൻസ്

നൽകാൻ യോഗ്യമല്ലാത്തവ യുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 197 ച.മീ വിസ്തീർണമുള്ള കെട്ടിടത്തിന് അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം വിസ്തീർണം 30 ച.മീ മാത്രം

ശ്രീ.ഫിലിപ്പ് ഡാനിയൽ , പുത്തൻതെങ്ങുവിളപടിഞ്ഞേറ്റതിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതായി അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒന്നാം വാർഡിലെ 357ാം നമ്പർ കെട്ടിടം 30ചതുരശ്ര മീറ്ററിൽ താഴെയുള്ള ഗാർഹിക ആവശ്യത്തിനുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ജി.ഒ(എം.എസ്സ്)358/2015 തസ്വഭവ 16.12.2015 അനുസരിച്ച് നികുതിയിളവുള്ള കെട്ടിടമായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സഞ്ചയയിൽ 15 വർഷം പഴക്കമുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ ടി കെട്ടിടം മൂന്ന് വർഷം മാത്രം പഴക്കമുള്ള 197 ച.മീറ്റർ വിസ്തിർണ്ണമുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ളതും മേൽത്തരം തറനിർമിതിയുള്ളതുമായ കെട്ടിടമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. .മുൻപ് നിലവിലുണ്ടായിരുന്ന വീടിന്റെ നമ്പരാണ് പുതിയ കെട്ടിടത്തിൽ പതിപ്പിച്ചിരുന്നത്. ഇതിൽ നിന്നും പുതിയ വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി തേടുകയോ, നിർമ്മാണം പൂർത്തീകരിച്ച ശേഷം ക്രമവൽക്കരണത്തിന് അപേക്ഷ നൽകി, കെട്ടിടത്തിന് പുതിയനമ്പർ നേടുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്. ടി കെട്ടിടം ക്രമവൽക്കരിച്ച് പുതിയ നമ്പർ നൽകി നികുതി നിർണ്ണയിച്ച് നാളിതുവരെയുള്ള വസ്തു നികുതി പിഴ പലിശസഹിതം ഈടാക്കേണ്ടതാണ്. ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സമാനമായ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വീഴ്ച്ച വരുത്തിയതു സംബന്ധിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്ളാസ്റ്റിക്ക് മാലിന്യശേഖരണപദ്ധതി-ലക്ഷങ്ങളുടെ പാഴ് ചെലവ്-തടസ്സം 10,05,909/-

പ്രോജക്ട് - പ്ളാസ്റ്റിക്ക് മാലിന്യശേഖരിക്കുന്നതിനായി കൂടുകൾ സ്ഥാപിക്കൽ (നം.82/17 , 159/18 )

നിർവ്വഹണം -അസി.എൻജിനീയർ

ബിൽ - നം.97 തീയതി.8-3-18

ചെലവ് - വികസനഫണ്ട് 856800/- രൂപ

തനത്ഫണ്ട് 149109/- രൂപ

ഓഡിറ്റ് എൻക്വയറി – നം.6 തീയതി. 31-10-18

ശുചിത്വമാലിന്യസംസ്കരണ ക്യാംപയിൻ മാർഗ്ഗനിർദ്ദേശങ്ങളിൽ അജൈവമാലിന്യശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിച്ച്, ഉറവിടങ്ങളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കളക്ഷൻ സെന്ററുകളിൽ എത്തിക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതിന് വിഭിന്നമായി വിവിധ വാർഡുകളിലെ മാലിന്യം ശേഖരിക്കുന്നതിനായി 161 കൂടുകൾ തെരുവോരങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇത്തരം പദ്ധതി 3/4/17ലെ സ.ഉ(എം.എസ്)നം.80/17 സബ്സിഡി മാർഗ്ഗരേഖയിലോ,15/7/17ലെ സ.ഉ(സാധ)2420/17തസ്വഭവ ശുചിത്വമാലിന്യ സംസ്കരണ ക്യംമ്പയിൻ മാർഗ്ഗനിർദ്ദേശങ്ങളിലും ഉൾപ്പെട്ട് കാണുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങളിലുൾപ്പെടാത്ത പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

31-10-18ൽ അസി.എൻജിനീയറുടെ സാന്നിധ്യത്തിൽ വിവിധ വാർഡുകളിൽ നടത്തിയ പരിശോധനയിൽ കണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ)വിവിധ വാർഡുകളിലെ തെരുവോരങ്ങളിലും ജംഗ്ഷനുകളിലും സ്ഥാപിച്ചിരുന്ന കൂടുകൾ ഇളക്കിമാറ്റി സമീപപ്രദേശത്തെ വീടുകളിലും മറ്റും സൂക്ഷിച്ചിരിക്കുന്നു.

ബി) ചില വാർഡുകളിൽ(ഉദാ)തളവൂർകോണം വാർഡിലെ കൂടുകൾ കാടുമൂടി ഉപയോഗശൂന്യമായി കിടക്കുന്നു.

സി) ചില സ്ഥലങ്ങളിൽ ഹോസ്പിറ്റൽ വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യം കൂടുകളിൽ നിക്ഷേപിച്ചിരുന്നതിനാൽ കൂട് ഉൾപ്പെടെ കത്തിച്ച നിലയിൽ കാണുന്നു.

ഡി) തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച(പ്രോജക്റ്റ് നം.82/17)25 കൂടുകൾ പഞ്ചായത്ത് ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുണ്ട്.

മേൽ വസ്തുതകളിൽ നിന്ന് മതിയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടാതെ വാർഡുകളിൽ കൂടുകൾ സ്ഥാപിച്ചതിനാൽ ജൈവമാലിന്യം ഉൾപ്പെടെയുള്ളവ നിക്ഷേപിക്കുകയും പരിസരവാസികൾക്ക് ബുദ്ധിമുട്ടാവുകയും ചെയ്തതിനാൽ,നിലവിൽ കൂടുകൾ പൂട്ടി സൂക്ഷിച്ചിരിക്കുകയാണ്.

നിലവിൽ ഈ കൂട്ടുകളിൽ ഒരെണ്ണം പോലും ഉപയോഗിക്കാതെ പൂട്ടി സൂക്ഷിച്ചിട്ടുള്ളതായാണ് കാണുന്നത്.മതിയായ പഠനമോ ആസൂത്രണമോ കൂടാതെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതി പൂർണ്ണപരാജയവും തനത് ഫണ്ടിന്റെയും വികസനഫണ്ടിന്റെയും പാഴ് ചെലവായതിനാലും (856800+149109) 10,05,909/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ അടിയന്തിരമായി ഹരിതകർമ്മസേന രൂപീകരിച്ച് കൃത്യമായ ഇടവേളകളിൽ ഉറവിടങ്ങളിൽ നിന്നു പ്ളാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്ന താൽക്കാലിക കളക്ഷൻ സെന്ററുകളായി ടി കൂട്ടുകളെ ക്രമീകരിച്ച് കൂട്ടുകൾ ഉപയോഗപ്രദമാക്കേണ്ടതാണ്. കൂട്ടുകളിൽ പൊതുജനങ്ങൾ നേരിട്ടു മാലിന്യം നിക്ഷേപിക്കുന്നതൊഴിവാക്കി ഹരിതകർമ്മസേന മുഖേന മാത്രം ഉപയോഗിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയില്ലെങ്കിൽ കൂടുകൾ വീണ്ടും പ്രയോജനരഹിതമാകും. ആയതിനാൽ മാലിന്യം ശേഖരിക്കുന്നതിന് കൂട്ടുകൾ ഉപയോഗപ്രദമാക്കുന്ന ക്രമീകരണങ്ങൾ നടത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്താത്ത പക്ഷം തടസ്സപ്പെടുത്തിയ ചെലവ് തുക വിവിധ ഫണ്ടുകളുടെ ദുർവിനിയോഗമായി

കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

### **3-2** <u>പൈപ്പ് ലൈൻനീട്ടൽ–വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു-രൂപാ **17,72,000**</u>

പ്രോജക്റ്റ് -വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ

(നം.എസ്009/18)

ബിൽനം/ -42/17-18 തീയതി.22-2-18

തുക 17,72,000 രൂപ

നിർവ്വഹണം-സെക്രട്ടറി

വിവിധ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കൊട്ടാരക്കര ഡിവിഷനിലെ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 17,72,000/-രൂപാ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### **3-3** <u>ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ആധികാരികവിതരണരേഖകളുടെ അഭാവത്തിൽ **7,50,808/-**രൂപായുടെ ചെലവ് തടസ്സം</u>

പ്രോജക്റ്റ് - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
(നം.41/18)
നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ
അടങ്കൽ -11,00,000/- രൂപ
വകയിരുത്തൽ-വികസനഫണ്ട് (പൊ.വി) 5,00,000/- രൂപ
ബ്ളോക്ക് വിഹിതം 4,00,000/- രൂപ
ജില്ലാപഞ്ചായത്ത് വിഹിതം 2,00,000/- രൂപ
ചെലവ് -1) വികസനഫണ്ട് (പൊ.വി) 5,00,000/- രൂപ
ബിൽ നം.1/17-18തീയതി.19-1-18
2)ബ്ളോക്ക് വിഹിതം 4,00,000/- രൂപ
ചെക്ക് നം.1299308തീയതി.24-2-18
3)ജില്ലാപഞ്ചായത്ത് വിഹിതം 2,00,000/-രൂപ
ചെക്ക് നം 1299311 തീയതി.25-3-18

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിക്ക് വേണ്ടി വകയിരുത്തിയ 11,00,000/- രൂപയും തൻ വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്.

കുടിയ്ക്കോട്,കടയ്ക്കോട്,വാക്കനാട്,കുഴമതിക്കാട് എന്നീ ക്ഷീരസംഘങ്ങളിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയത് ആധികാരികരേഖകളല്ല. ക്ഷീരസംഘം സെക്രട്ടറി തയ്യാറാക്കി അവർ തന്നെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റിൽ ബാങ്ക് അധികൃതരുടെ യാതൊരു സാക്ഷ്യപ്പെടുത്തലുമില്ല. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘം | ഫണ്ട് | സബ്സിഡി |
|---|---|---|
| കുടിക്കോട് | വികസന ഫണ്ട് | 42,229 |
| കടയ്ക്കോട് | വികസന ഫണ്ട് | 73,435 |
| വാക്കനാട് | വികസന ഫണ്ട് | 1,26,653 |
| കുഴമതിക്കാട് | വികസന ഫണ്ട് | 85,392 |
| കുടിക്കോട് | ബ്ളോക്ക് വിഹിതം | 9,260 |
| കടയ്ക്കോട് | ബ്ളോക്ക് വിഹിതം | 76,805 |
| വാക്കനാട് | ബ്ളോക്ക് വിഹിതം | 1,17,554 |
| കുഴമതിക്കാട് | ബ്ളോക്ക് വിഹിതം | 75,510 |
| കുടിക്കോട് | ജില്ലാപഞ്ചായത്ത് വിഹിതം | 16,423 |
| കടയ്ക്കോട് | ജില്ലാപഞ്ചായത്ത് വിഹിതം | 31,238 |
| വാക്കനാട് | ജില്ലാപഞ്ചായത്ത് വിഹിതം | 57,640 |
| കുഴമതിക്കാട് | ജില്ലാപഞ്ചായത്ത് വിഹിതം | 38,669 |
| ആകെ | | 7,50,808 |

മേൽ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് മുഴുവൻ സബ്സിഡി തുകയും വിതരണം ചെയ്തുവെന്ന് ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കക്ക് ലഭ്യമാക്കാത്തതിനാൽ 7,50,808/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

വികസനഫണ്ടിൽ നിന്നും കടയ്ക്കോട് സംഘത്തിന് സബ്സിഡി വിതരണത്തിനായി 73435/- രൂപയാണ് നൽകിയതെങ്കിലും 70460/- രൂപാ മാത്രമാണ് സബ്സിഡി വിതരണത്തിനായി ബാങ്കിൽ നൽകിയിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | (നം.3/17-18 തീയതി .26-10-18) |

## 3-4 പദ്ധതി മാർഗ്ഗ രേഖകളിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കി

പദ്ധതി നമ്പർ - എസ്.0054/18

പദ്ധതിയുടെ പേര്- എന്റെ ഭവനം ഹരിത ഭവനം

അടങ്കൽ തുക - 1,00,000/-രൂപ(വികസനഫണ്ട്-80,000/-രൂപ, ഗുണഭോക്തൃ വിഹിതം( നേരിട്ട് ചെലവഴിക്കുന്നത്) ,20,000/-)

ചെലവ്- 1,00,000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ശ്രീ .രാജൻ ബാബു, കൃഷി ഓഫീസർ

സ്ഥലപരിശോധനാ വിവരം- 1/11/2018

അടങ്കൽ തുക - 1,00,000/-രൂപ(വികസനഫണ്ട്-80,000/-രൂപ, ഗുണഭോക്തൃ വിഹിതം( നേരിട്ട് ചെലവഴിക്കുന്നത്) ,20,000/-)

ചെലവ്- 1,00,000/-രൂപ

2017-18 വർഷം കുറഞ്ഞത് 50 സെൻറ് സ്ഥലത്ത് ജൈവ കൃഷി ചെയ്യുന്നതിനും മഴവെള്ളം പൂർണ്ണമായും ഭൂമിയിലേക്ക് താഴ്ത്തി വിടുന്നതിനും ടെറസ്സിൽ വീഴുന്ന വെള്ളം കിണർ റീചാർജിനായി ഒരുക്കുന്നതിനും ജൈവവള ഉല്പാദനത്തിനും മാലിന്യ സംസ്കരണത്തിനുമായി കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക്ക് രഹിത ഭവനം എന്നിവ മാതൃകാപരമായി ചെയ്യുന്നതിനും ഉള്ള ഹരിത കേരള പദ്ധതി നടപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.

കിണർ റീചാർജ് യൂണിറ്റ് സ്ഥാപിക്കൽ, മഴക്കുഴി, കുട്ടിക്കിണർ എന്നിവ ഒരുക്കൽ , റൂറൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ എന്നിവയ്ക്കാണ് സബ്സിഡി നൽകിയത്. ശോഭനകുമാരി,വിഷ്ണുഭവനം, കൃഷ്ണൻകുട്ടി നായർ,അശ്വതി ഭവനം , ലിസി.എം, തേജസ്സ്, മുരളീധരൻ പിള്ള,മടന്തക്കോട് ഓണമ്പപ്പള്ളിൽതെക്കതിൽ വീട് എന്നീ ഗുണഭോക്താക്കൾക്ക് ആകെ പ്രവൃത്തികൾക്ക് 20,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കിണർ റീചാർജിംഗ് യൂണിറ്റ് | | അധികം നൽകിയ തുക | മഴക്കുഴി & കുട്ടിക്കിണർ | | അനുവദനീയമല്ലാത്ത തുക | റൂറൽ കംപോസ്റ്റ് യൂണിറ്റ് | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ ചെലവ് | നൽകിയ സബ്സിഡി | | ആകെ ചെലവ് | നൽകിയ സബ്സിഡി | | ആകെ ചെലവ് | നൽകിയ സബ്സിഡി | |
| 1 | ശോഭന കുമാരി, വിഷ്ണു ഭവനം | 13,800 | 8750 | 750 | 10,000 | 7500 | 7500 | 5000 | 3750 | 1250 |
| 2 | കൃഷ്ണൻകുട്ടി നായർ. അശ്വതി ഭവനം | 14,200 | 8750 | 750 | 10,000 | 7500 | 7500 | 5000 | 3750 | 1250 |
| 3 | ലിസി.എം, തേജസ്സ്, | 12,140 | 8750 | 750 | 19000 | 8500 | 8500 | 5100 | 2750 | 250 |
| 4 | മുരളീധരൻ പിള്ള, മടന്ത | 22,000 | 8750 | 750 | 12100 | 8500 | 8500 | 5000 | 2700 | 200 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ക്കോട് ഓണമ്പ പ്പള്ളിൽ തെക്ക തിൽ | | | | | | | | | |
| | | | | 3000 | | | 32000 | | | 2950 |

i)സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നമ്പർ.80/2017/ത.സ്വ.ഭ.വ, തീയതി. 3.4.2017 ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ക്രമനമ്പർ.8.3(1)- മണ്ണ്-ജലസംരക്ഷണം അനുസരിച്ച് ,

മണ്ണ് ജലസംരക്ഷണ പ്രവർത്തികൾക്ക് വികസനഫണ്ട് ഉപയോഗിക്കാൻ പാടില്ല, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവർത്തികൾ നടത്തേണ്ടതുമാണ് എന്നിരിക്കേ മഴക്കുഴി, കുട്ടിക്കിണർ എന്നിവ നിർമ്മിച്ചത് ഈ പദ്ധതിയുടെ ഭാഗമാക്കി വികസനഫണ്ടിൽ നിന്നും ധനസഹായം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അതിനാൽ ആയിനത്തിൽ നാലു ഗുണഭോക്താക്കൾക്കുമായി വികസനഫണ്ടിൽ നിന്നും നൽകിയ 32,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

ii)സ.ഉ(എം.എസ്)നം.3989/177, ത.സ്വ.ഭ.വ , 12.12.17 പ്രകാരം കിണർ റീചാർജിംഗ് യൂണിറ്റിന് പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് പരമാവധി 8000/-രൂപയെ ധനസഹായം നൽകാൻ പാടുള്ളൂ. ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കിണർ റീചാർജിംഗ് യൂണിറ്റ് (ഫിൽറ്റർ സംവിധാനം ഉൾപ്പെടെ) സ്ഥാപിച്ചിരിക്കുന്ന 4 ഭവനങ്ങളുടേയും മേൽക്കൂര പരന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഈയിനത്തിൽ അധികമായി നൽകിയ 3000/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

iii) സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നമ്പർ.80/2017/ത.സ്വ.ഭ.വ, തീയതി. 3.4.2017 ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ ക്രമനമ്പർ.8.8(1)- മണ്ണിര കമ്പോസ്റ്റ്/കമ്പോസ്റ്റ് /ബയോഗ്യാസ് പ്ലാൻറ് അനുസരിച്ച്,

വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോസ്റ്റ് യൂണിറ്റുകൾക്ക് പൊതു വിഭാഗത്തിനു 50% സബ്സിഡി മാത്രമേ നൽകാൻ പാടുള്ളൂ. എന്നാൽ നടപ്പാക്കിയ പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 50%ത്തിലധികം സബ്സിഡി നൽകിയിട്ടുണ്ട്.അതിനാൽ ഈയിനത്തിൽ അധികമായി നൽകിയ 2950/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ മറ്റു പദ്ധതികളെല്ലാം വിജയകരമായിരുന്നുവെങ്കിലും ഹരിത ഭവനം പദ്ധതിയിൽ പാളിച്ചകളുണ്ടായത് ആസൂത്രണത്തിലെ പിഴവുകൾ നിമിത്തമാണ്. ഓഡിറ്റിനോടനുബന്ധിച്ചു നടത്തിയ സ്ഥലപരിശോധനയിൽ ലിസി.എം, തേജസ്സ്, മുരളീധരൻ പിള്ള,മടന്തക്കോട് ഓണമ്പപ്പള്ളിൽതെക്കതിൽ വീട് എന്നീ ഗുണഭോക്താക്കളുടെ ഭവനങ്ങളിൽ മാത്രമാണ് കുട്ടിക്കിണർ കണ്ടെത്താനായത്. കൃഷ്ണൻകുട്ടി നായർ,അശ്വതി ഭവനം എന്ന ഗുണഭോക്താവിൻെറ ഭവനത്തിൽ മാത്രമാണ് കംപോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമായിക്കണ്ടത്. സ്ബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ.80/2017/ത.സ്വ.ഭ.വ, തീയതി. 3.4.2017 ൽ ഹരിതഭവനം പദ്ധതി നടപ്പാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമായി പരാമർശിക്കുന്നുണ്ടെങ്കിലും അവ യാതൊന്നും പ്രായോഗികമാക്കികണ്ടില്ല. ശരിയായ മുന്നൊരുക്കത്തിൻെറ അഭാവം ഇവിടെ പ്രകടമാണ്. പദ്ധതി നടപ്പാക്കുംമുൻപ് സബ്സിഡി മാനദണ്ഡങ്ങളെക്കുറിച്ച് ശരിയായ അവബോധം നേടുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന സ്റ്റാൻറിംഗ് കമ്മിറ്റിയും വിജയിച്ചില്ലായെന്ന് വ്യക്തമാകുന്നു.

തുടർന്നുള്ള വർഷങ്ങളിൽ പിഴവുകൾ ഒഴിവാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും വികസന സ്റ്റാൻറിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 5/24.10.18 |

നിരാകരിച്ച തുക- 37,950/-രൂപ

## 3-5 കാലാവധി കഴിഞ്ഞ് ലഭിച്ച മരുന്നുകൾ വിതരണം ചെയ്തു

പദ്ധതി- എസ്.0002/18-ആയുർവ്വേദ ആശുപത്രിക്ക് മരുന്ന്

അടങ്കൽ തുക- 6,00,000/-രൂപ

ചെലവ്-6,00,000/-രൂപ (ബിൽ നം.1/17-18 , 16/9/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

2017-18 വർഷം നടപ്പാക്കിയ മരുന്ന വിതരണ പദ്ധതിയിൽ ഔഷധിയിൽ നിന്നും ലഭിച്ചത് കാലാവധി കഴിഞ്ഞ മരുന്നുകളാണ്. എന്നിട്ടും അതു പരിഗണിക്കാതെ അവ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ലഭിച്ച തീയതി, മരുന്നിൻെറ പേര് | മാനുഫാക്ച്ചറിംഗ് തീയതി | എക്സ്പെയറി തീയതി | ലഭിച്ച അളവ് | വിതരണം ചെയ്ത തീയതി/ അളവ് | മരുന്നിൻെറ വില |
|---|---|---|---|---|---|
| 900358/ 30.9.17, ഹിങ്കുത്രീഗുണം 500g | 11/2013 | 5/2016 | 40btl | 29.1.18, 15.6.18, 29.7.18 (ആകെ 10 എണ്ണം) (30 എണ്ണം ബാക്കി) | 9400/-രൂപ |
| 900358/ 30.9.17, പഞ്ചകോല ചൂർണ്ണം500g | 8/15 | 8/17 | 20 | 29.1.18 13.3.18 (20) | 940/-രൂപ |
| | | | | ആകെ | 10340/-രൂപ |

കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തത് ഗുരുതര പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഈയിനത്തിനായി ചെലവഴിച്ച 10340/-രൂപ ഔഷധിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക- 10340/-രൂപ

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 1/24.10.18 |

**3-6** <u>സാമ്പത്തികശേഷിയുള്ളവർക്ക് മാനദണ്ഡങ്ങൾ മറികടന്ന് സബ്സിഡി നൽകി</u>

പദ്ധതി- എസ്.0040/18-വനിതകൾക്ക് കറവപ്പശു

അടങ്കൽ തുക- 18,00,000/-രൂപ( വികസന ഫണ്ട്-9,00,000/-,ഗുണഭോക്തൃവിഹിതം- 9,00,000/-രൂപ)

ചെലവ്-18,00,000/-രൂപ (ബിൽ നം.3/17-18 , 22/2/18, 6/17-18,12.3.18, ട്രഷറി ചെക്ക നം.5694981,29/12/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

2017-18 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മേൽ പദ്ധതിയിൽ 25,000/-രൂപ 36 ഗുണഭോക്താക്കൾക്കായി നൽകിയതിൽ ഒരു ഗുണഭോക്താവായ ശ്രീമതി. അനുഫിലിപ്പിന്റെ ഭവനത്തിൽ ( പുത്തൻ തെങ്ങുവിള പടിഞ്ഞാറ്റതിൽ, 387/1) കരീപ്ര ഗ്രാമപഞ്ചായത്ത് എൻജിനീയറിംഗ് സെക്ഷൻ ഓവർസീയറുടെയും സെക്ഷൻ ക്ലാർക്കിന്റെയും സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത ഭവനത്തിന്റെ വിസ്തീർണ്ണം 192എം2 (2000 ചതുരശ്ര അടി) ആണെന്ന് കണ്ടെത്തുകയുണ്ടായി. 1000 ചതുരശ്ര അടിയിലേറെ വിസ്തീർണ്ണമുള്ള ഭവനങ്ങളുടെ ഉടമകൾ എപ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടുവെന്ന് വ്യക്തമല്ല. കറവപ്പശു വിതരണ പദ്ധതികൾ പോലുള്ളവ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷീരകർഷകരെ ഉദ്ദേശിച്ചുള്ളതാണ്. അതിനാൽ തന്നെ ഇപ്രകാരം അനർഹർ ഉൾപ്പെട്ടത് വളരെ ഗൗരവമുള്ളതും അന്വേഷണാവിധേയമാക്കേണ്ടതുമായ വിഷയമാണ്. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച നൽകിയ സബ്സിഡി തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം ശുപാർശ ചെയ്യുന്നു.കൂടാതെ ഈ പദ്ധതിയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു ഗൗരവമേറിയ വിഷയം പർച്ചേസ് കമ്മിറ്റിയുടെ 7.11.17 ലെ 12(1)ാം നമ്പർ തീരുമാനം പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് പശുക്കളെ വാങ്ങുക എന്നതാണ്. ഈ തീരുമാനം അനുസരിച്ചാണ് പശുക്കളെ വാങ്ങിയിരിക്കുന്നതും. നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം വെറ്റിനറി സർജൻ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിയായിരിക്കണം പശുക്കളെ വാങ്ങി നൽകേണ്ടത് എന്നിരിക്കെ ഇപ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വാങ്ങലുകൾ നടത്തിയത് പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനു ഹിതകരമല്ല. മാനദണ്ഡങ്ങൾ മറികടന്ന് ചെലവഴിച്ചതായി വ്യക്തമായ 25000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനായ വെറ്റിനറി സർജനിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 2/25.10.18 |

നിരാകരിച്ച തുക-25,000/-രൂപ

## 3-7 തുടർ സാക്ഷരതാ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

പദ്ധതി- എസ്.0029/18-തുടർ സാക്ഷരതാ പദ്ധതി

അടങ്കൽ തുക-1,00,000/-രൂപ( വികസന ഫണ്ട്-)

ചെലവ്-1,00,000/-രൂപ (ബിൽ നം.3/17-18 ,24/3/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, കരീപ്ര

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പത്താംതരം പാസ്സാകാത്ത 54 പഠിതാക്കൾക്കായി നടത്തുന്ന പദ്ധതിയിൽ 1,00,000/-രൂപ കേരളസംസ്ഥാന സാക്ഷരതാ മിഷനു നൽകിയിട്ടുണ്ട്. എന്നാൽ ഇവരുടെ ഹാജർ രേഖകൾ, പഠനോപകരണങ്ങൾ ലഭിച്ചതിൻെറയും വിതരണം ചെയ്തതിൻെറയും രേഖകൾ , പരീക്ഷയ്ക്കു ഹാജരായതിൻെറ രേഖകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല, രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ഈയിനത്തിൽ ചെലവ് ചെയ്ത 100000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം. | 9/29.10.18 |

തടസ്സപ്പെടുത്തുന്ന തുക- 1,00,000/-രൂപ

## 3-8 എസ്.എസ്.എ വിഹിതം പദ്ധതികൾ– ലക്ഷ്യം കൈവരിക്കുന്നില്ല

പദ്ധതി- എസ്.0027/18-എസ്.എസ്.എ വിഹിതം(ജനറൽ)

അടങ്കൽ തുക-4,00,000/-രൂപ( വികസന ഫണ്ട്-)

ചെലവ്-4,00,000/-രൂപ (ബിൽ നം.1/17-18 ,29/7/17)

പദ്ധതി- എസ്.0028/18-എസ്.എസ്.എ വിഹിതം(എസ്.സി.പി)

അടങ്കൽ തുക-1,00,000/-രൂപ( വികസന ഫണ്ട്-എസ്.സി.പി)

ചെലവ്-1,00,000/-രൂപ (ബിൽ നം.2/17-18,24/318 )

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്, കരീപ്ര

2017-18 വർഷം ജനറൽ , എസ്.സി.പി വിഭാഗങ്ങളിലായി ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രൈമറി വിഭാഗം സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി നടപ്പാക്കിയ എസ്.എസ്.എ പദ്ധതിയിൽ എസ്.എസ്.എയുടെ ആവശ്യകതാ കത്തിൽ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ, കുടിവെള്ളം , ടോയിലറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും വിനിയോഗ സാക്ഷ്യപത്രത്തിൽ ഇവയൊന്നും നടപ്പാക്കി കണ്ടില്ല. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം,

വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കൽ എന്നിങ്ങനെ മഹത്തായ ലക്ഷ്യങ്ങൾ ഉന്നമിട്ട് നടപ്പാക്കുന്ന എസ്.എസ്.എ പദ്ധതിയുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണോയെന്ന് പരിശോധിച്ച് വിലയിരുത്തേണ്ടത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 9/29.10.18 |

## 3-9 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി- എസ്.0034/18-(ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കൂട്ടർ)

അടങ്കൽ തുക-2,00,000/-രൂപ( വികസന ഫണ്ട്-)

ചെലവ്-2,00,000/-രൂപ (ബിൽ നം.3/17-18 ,11/1017)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രസ്തുത പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 2,00,000/-രൂപ പിൻവലിച്ച് പദ്ധതി നടത്തിപ്പിനായി ജില്ലാപഞ്ചായത്തിനു നൽകിയെങ്കിലും നാളിതുവരെയും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.

തടസ്സപ്പെടുത്തുന്ന തുക-2,00,000/-രൂപ

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 12/31.10.18 |

## 3-10 സാന്ത്വനപരിചരണ പദ്ധതി- നടത്തിപ്പിലെ അപാകതകൾ

1.പ്രാദേശിക വിഭവസമാഹരണം- കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല

ഹോംകെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രദേശിക വിഹിതം സമാഹരിക്കുന്നുണ്ട്. ഇതിനായി സിൻഡിക്കേറ്റ് ബാങ്കിന്റെ നെടുമൺകാവ് ശാഖയിൽ പാലിയേറ്റീവ് കെയർ ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന പേരിൽ അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. (അക്കൗണ്ട് നം-45122210002612). ഫണ്ട് സമാഹരണത്തിനായി ഉപയോഗിച്ചുവരുന്ന അഞ്ച് രസീത് ബുക്കുകൾ മെഡിക്കൽ ഓഫീസർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2017-18 വർഷം രസീത് ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുകയുടേയും , ബാങ്കിൽ ഒടുക്കിയ തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രസീതുകൾ പ്രകാരം പരിച്ച തുക | അക്കൗണ്ടിൽ വരവുവന്ന തുക |
|---|---|---|

| | | |
|---|---|---|
| 23-08-2017 | 15,050 | - |
| 26.08.2017 | 1,000 | - |
| 28.08.2017 | 31,600 | - |
| 29.08.2017 | 33,040 | - |
| 12.10.2017 | - | 21,080 |
| 04.11.2017 | - | 24,602 |
| ആകെ | 80,690 | 45,682 |

29.08.2017 നാണ് കുടുംബസംഗമം നടത്തിയിട്ടുള്ളത്. 23.08.2017 മുതൽ 29.08.2017 വരെ 80690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 45682 രൂപമാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ഇതിൽനിന്നും 32475 രൂപ, 19.10.2017, 17.11.2017 തീയതികളിലായി പിൻവലിച്ചിട്ടുണ്ട്. ഇവയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 19.10.2017, 04.11.2017 തീയതികളിലായി ബാങ്ക് അക്കൗണ്ടിൽ വരവുവന്ന 45682 രൂപ ഏതിനത്തിലുള്ള വരവാണെന്നോ 19.10.2017,17.11.2017 തീയതികളിലായി പിൻവലിച്ചിരിക്കുന്ന 32475രൂപ ഏത് ആവശ്യത്തിനായി പിൻവലിച്ചതാണെന്നോ ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വ്യക്തമായിട്ടില്ല. ആയതിനാൽ രസീതു പ്രകാരം സമാഹരിച്ച തുക ബാങ്ക് അക്കൗണ്ടിൽ യഥാസമയം ഒടുക്കുവരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ടി തുക ഏതു രീതിയിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കേണ്ടതുമാണ്.

2.കുടുംബസംഗമം- അധികം തുക ചെലവഴിച്ചു

സാന്ത്വന പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കും കുടുംബാംഗങ്ങൾക്കുമായി വാർഷിക കുടുംബസംഗമം സംഘടിപ്പിച്ചിട്ടുണ്ട്. 150പേർ പങ്കെടുത്ത ടി ചടങ്ങിനായി 20000രൂപ ചെലവഴിച്ചിട്ടുണ്ട്. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ, ജി.ഒ(ആർ.ടി)3217/2015 തസ്വഭവ 29.10.2015 ഖ2.6.13 പ്രകാരം വാർഷിക സംഗമത്തിനായി പങ്കെടുക്കുന്ന ഓരോരുത്തരുടേയും ഭക്ഷണചെലവിനായി പരമാവധി 60രൂപ വീതവും മറ്റ് ചെലവുകൾക്കായി 3000 രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം 12000 രൂപ (3000+(150x60)) ചെലവഴിക്കുന്നതിനു പകരം 20000 രൂപ ചെലവഴിച്ചിരിക്കുന്നു. മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 8000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3.പാലിയേറ്റീവ് വോളന്റീയർമാർക്കുള്ള ട്രെയിനിംഗ്- അധികമായി തുക ചെലവഴിച്ചു.

20.03.2018 ൽ സംഘടിപ്പിച്ച പാലിയേറ്റീവ് വോളന്റീയർമാർക്കുള്ള പരിശീലനപരിപാടിയ്ക്കായി 10000രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 49 പേരാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തിരിക്കുന്നത്. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ, ജി.ഒ(ആർ.ടി)3217/2015 തസ്വഭവ 29.10.2015 ഖ2.6.14 അനുസരിച്ച് പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരാൾക്ക് പരമാവധി 60രൂപ ഭക്ഷണചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്. കൂടാതെ പരിശീലനത്തിന്റെ മറ്റു ചെലവുകൾക്കായി 2000രൂപയും ചെലവഴിക്കാവുന്നതാണ്.എന്നാൽ ഇപ്രകാരം 4940രൂപ (2000+(49x60)) ചെലവഴിക്കുന്നതിനു പകരം 10000രൂപ ചെലവഴിച്ചിരിക്കുന്നു. മാർഗ്ഗ രേഖകൾക്ക് വിരുദ്ധമായി അധികമായി ചെലവഴിച്ച 5060 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

4.മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വനപരിചരണം പദ്ധതിയിൽ (പ്രോജക്ട് നം 64/18) 309400രൂപ ബിൽ നം 4/17-18 പ്രകാരം പിൻവലിച്ച് കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 249619 രൂപയുടെ മരുന്നു മാത്രമെ ലഭ്യമായിട്ടുള്ളു. 59781 രൂപയുടെ മരുന്ന് കിട്ടാനുണ്ട്. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 10/31.10.18<br>15/1.11.18 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 4,87,335 | നെൽകൃഷി വികസനം | 4,87,335 | 0 |
| | | 4,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4,00,000 | 0 |
| | | 3,00,000 | അനുപൂരക പോഷകാ ഹാരപരിപാടി | 3,00,000 | 0 |
| | | 1,25,000 | ഭിന്നശേഷിയുള്ള | 1,25,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | | 3,00,000 | അനുപൂരക പോഷകാ ഹാരപരിപാടി | 3,00,000 | 0 |
| | | 4,87,335 | നെൽകൃഷി വികസനം | 4,87,335 | 0 |
| | | 1,25,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,25,000 | 0 |
| | | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21701003 | 17,72,000 | - | 17,72,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചട യ്ക്കാൻ |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
| ഇ.എം.എസ്. ഭവനപദ്ധതി | 522/2010 17-2-2010 | 1,60,93,560 | 16,97,917 | 16,97,917 | - | ഇല്ല |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയ പരിശീലന പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | |
| 2013-14 സ്പെഷ്യൽ റിപ്പോർട്ട് | | 2013-14 | | ബാങ്കിൽ ഒടുക്കാതെ 10 ലക്ഷത്തിലേറെ രൂപാ അപഹരിച്ചു | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 8,29,83,050.62 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,56,66,644.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 86,350 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38,28,717 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർ ചാർജ് ചെയ്യാവുന്നവ | |
| 3.4 | | 37,950 | ശ്രീ.രാജൻബാബു, കൃഷിഓഫീസർ |
| 3.5 | | 10,340 | ഡോ.രഞ്ജു.റ്റി. യോഹന്നാൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3.6 | | 25,000 | ഡോ.ശിവപ്രസാദ്.എസ്, വെറ്റിനറിസർജൻ |
| 3.10 | | 8,000<br>5,060 | ഡോ.ജ്യോതിലാൽ, മെഡിക്കലോഫീസർ, സി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,05,909 | ശ്രീമതി.അനശ്രീ.എസ്, അസി.എൻജിനീയർ |
| 3-2 | 17,72,000 | ശ്രീ.അനസ്.വൈ, സെക്രട്ടറി |
| 3-3 | 7,50,808 | ശ്രീമതി.ശശികല, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-7 | 1,00,000 | ശ്രീ.പ്രകാശ്.വി.എൻ, ഹെഡ് മാസ്റ്റർ |
| 3-9 | 2,00,000 | ശ്രീമതി.ഷെമീദ എം,ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗ പ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. അനശ്രീ.എസ് എ.ഇ | എ.ഇ കരീപ്ര ഗ്രാമ പഞ്ചായത്ത് | മണനാളളി കൈലാസ് ഭവൻ അവണൂർ കൊട്ടരക്കര |
| 2 | ശ്രീ. അനസ്.വൈ സെക്രട്ടറി | സെക്രട്ടറി കരീപ്ര ഗ്രാമ പഞ്ചായത്ത് | തെങ്ങുവിള വീട് നെടുമ്പായിക്കുളം കുണ്ടറ പി.ഒ |
| 3 | ശ്രീ.രാജൻബാബു, കൃഷി ഓഫീസർ | കൃഷിഓഫീസർ, കരീപ്ര ഗ്രാമ പഞ്ചായത്ത് | സങ്കീർത്തനം, വാക്കനാട് , കുഴമതിക്കാട്.പി.ഒ |
| 4 | ഡോ.രഞ്ജു.റ്റി. യോഹന്നാൻ, | മെഡിക്കൽ ഓഫീസർ, | സിനി നിവാസ്, എ.കെ.ജി. |

| | | | |
|---|---|---|---|
| | മെഡിക്കൽ ഓഫീസർ, ആയൂർവേദം | ആയൂർവേദം, കരീപ്ര ഗ്രാമ പഞ്ചായത്ത് | ജംഗ്ഷൻ, കുറവൻപാലം, കൊല്ലം |
| 5 | ഡോ.ശിവപ്രസാദ്.എസ്, വെറ്റിനറി സർജൻ | വെറ്റിനറിസർജൻ, കരീപ്ര ഗ്രാമ പഞ്ചായത്ത് | കൊച്ചയ്യത്ത് വീട്,കുന്നിൽ, ആശ്രാമം.പി.ഒ |
| 6 | ഡോ.ജ്യോതിലാൽ, മെഡിക്കലോഫീസർ, സി.എച്ച്.സി | മെഡിക്ക ലോഫീസർ, സി.എച്ച്.സി, നെടുമൺകാവ് | ഇളംപ്ളാവിൽ, കരിങ്ങന്നൂർ.പി.ഒ, ഓയൂർ |
| 7 | ശ്രീമതി. ശശികല ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ കരീപ്ര ഗ്രാമ പഞ്ചായത്ത് | ശശിനിവാസ് ഇരുമ്പാനങ്ങാട് |
| 8 | ശ്രീ. പ്രകാശ് എൻ ഹെഡ് മാസ്റ്റർ | എച്ച്.എം. എൽ.പി.എസ് കരീപ്ര ഗ്രാമ പഞ്ചായത്ത് | പൗർണ്ണമി ഇടയക്കിടം പി.ഒ |
| 9 | ശ്രീമതി. ഷെമീദ. എം ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | സലീം നിവാസ് മുതുപിലക്കാട്ട വെസ്റ്റ് പോരുവഴി പി.ഒ ശാസ്താംകോട്ട |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSA-klm-P6-622/2018,12.04.2018 | 7 |
| 1997-98 | KSA-klm-P6-622/2018,12.04.2018 | 6 |
| 1998-99 | KSA-klm-P6-622/2018,12.04.2018 | 6 |
| 1999-2000 | KSA-klm- | 3 |

| | | |
|---|---|---|
| | P6-622/2018,12.04.2018 | |
| 2000-01 | KSA-klm-<br>P6-622/2018,11.04.2018 | 2 |
| 2001-02 | KSA-klm-<br>P6-622/2018,11.04.2018 | 3 |
| 2002-03 | KSA-klm-<br>P6-622/2018,17.04.2018 | 3 |
| 2003-04 | KSA-klm-<br>P6-622/2018,17.04.2018 | 4 |
| 2004-05 | KSA-klm-<br>P6-622/2018,17.04.2018 | 19 |
| 2005-06 | KSA-klm-<br>P6-977/2018,25.05.2018 | 7 |
| 2006-07 | LFQP3.1391/14 24-06-14 | 10 |
| 2007-08 | LFQP3.1391/14 24-06-14 | 14 |
| 2008-09 | LFQP3.1391/14 24-06-14 | 16 |
| 2009-10 | LFQP3.1391/14 24-06-14 | 15 |
| 2010-11 | LFQP3.1391/14 24-06-14 | 12 |
| 2011-12 | LFQP3.1038/13 30-11-13 | |
| 2012-13 | LFQP3.1426/14 18-10-14 | |
| 2013-14<br>2014-15 | KSA.KLM.P3.783/16 26-05-16 | |
| 2015-16 | KSA.KLM.P3.1834/16<br>dt.06.02.2017 | |
| 2016-17 | KSA.KLM.P6.1447/17dt. 3-08-17 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം - പി6-1906/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 13.3.19

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-2

## സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited |

| | | |
|---|---|---|
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്